പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4453 17.05.2017 ൽ മറുപടിക്ക്

**വാതിൽപ്പടി റേഷൻ വിതരണം**

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാതിൽപ്പടി റേഷൻ വിതരണം എന്നു മുതൽ ആരംഭിക്കും; ഏത് ഏജൻസി മുഖേനയാണ് വാതിൽപ്പടി റേഷൻ വിതരണം നടത്തുകയെന്ന് അറിയിക്കുമോ? | (എ) | 2017 മാർച്ച് മാസം മുതൽ പൈലറ്റ് പ്രോജക്ടായി കൊല്ലം ജില്ലയിലും തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മെയ് മാസം മുതലും വാതിൽപ്പടി വിതരണം ആരംഭിച്ചു. ശേഷിക്കുന്ന ജില്ലകളിൽ അടുത്ത ഘട്ടമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ മുഖേനയാണ് വാതിൽപ്പടി റേഷൻ വിതരണം നടത്തുന്നത്. |
| (ബി) | എപ്രകാരമാണ് ഈ പദ്ധതിയുടെ വിതരണ നടപടി സ്വീകരിക്കുന്നത്; നടപടിക്രമങ്ങളുടേയും വിതരണത്തിന്റെയും വിശദാംശം നൽകുമോ; | (ബി) | സർക്കാരിന്റെ അംഗീകൃത ഏജൻസിയായ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എഫ്.സി.ഐ യിൽ നിന്നും റേഷൻ സാധനങ്ങൾ വിട്ടെടുത്ത് സപ്ലൈകോയുടെ താലൂക്ക് തല ഇന്റർമീഡിയറി ഗോഡൗണിൽ സൂക്ഷിച്ച് അംഗീകൃത ട്രാൻസ്പോർട്ടിംഗ് കരാറുകാരാൽ ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ എത്തിക്കുമ്പോഴാണ് വാതിൽപ്പടി വിതരണ നടപടി പൂർത്തിയാകുന്നത്. കൂടാതെ യഥാർത്ഥ ഉപഭോക്താവിനു തന്നെയാണ് റേഷൻ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യ ധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ നിരീക്ഷിക്കുവാനായി ഇവയിൽ ജിപിഎസ് സൗകര്യം ഏർപ്പെടുത്തുവാനും നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ